## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1095 06.02.2020 ൽ മറുപടിക്ക്**

## റോഡുകളിലെ അപകടകരമായ കുഴികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.ജെ. വിനോദ്<br>ശ്രീ.അന്വർ സാദത്ത്<br>ശ്രീ. പി.ടി. തോമസ്<br>ശ്രീ.റോജി എം. ജോൺ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ അപകടകരമായ കുഴികൾ ഉണ്ടാകുമ്പോൾ അവിടെ മുന്നറിയിപ്പ് നൽകണമെന്നും ബാരിക്കേഡുകൾ നിർമ്മിക്കണ മെന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ പ്രവൃത്തികൾ നടക്കുമ്പോഴും അല്ലാത്ത അവസരങ്ങളിലും അപകടസാധ്യത ഉണ്ടെങ്കിൽ ഒഴിവാക്കുന്നതിനും മുന്നറിയിപ്പ് നൽകുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കാൻ നിലവിൽ വ്യവസ്ഥയുണ്ട്. |
| (ബി) | പാലാരിവട്ടം മെട്രോ സ്റ്റേഷന് മുന്നിൽ രൂപം കൊണ്ട കുഴിയിൽ വീണ് യദുലാൽ എന്ന യുവാവ് മരിക്കാനിടയായ സ്ഥലത്ത് മേല്പറഞ്ഞ മുന്നറിയിപ്പോ, ബാരിക്കേഡോ വകുപ്പ് സ്ഥാപിച്ചി രുന്നോ; വിശദമാക്കുമോ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടായ വീഴ്ചയെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | 13.12.2019-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി) നം.1466/2019/പൊ.മ.വ. പ്രകാരം പ്രസ്തുത കുഴിക്ക് സമീപം അപകട മുന്നറിയിപ്പ് ബോർഡ് വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ നാല് എഞ്ചിനീയർമാരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. തുടർന്ന് അന്വേഷണം നടത്തി അവർ 4 പേരെയും ഒരുവർഷം സസ്പെൻഷനിൽ നിർത്താൻ തീരുമാനിച്ചിട്ടുണ്ട്. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുകയാണ്. |

Hemalatha

സെക്ഷൻ ഓഫീസർ